കോ–ഓർഡിനേഷൻ കമ്മിറ്റി

**കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &**
**കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ**

(Affiliated to AIRRBEA & BEFI)

സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ: 30/2023

16.12.2023

# ഗ്രാമീണ ബാങ്കുകളെ സംരക്ഷിക്കുക – AIRRBEA പ്രക്ഷോഭത്തിൽ: ഡിസംബർ 19 പാർലമെന്റ് മാർച്ച്

രാജ്യത്തെ ഗ്രാമീണ ബാങ്കുകളെയും തൊഴിലാളികളെയും ബാധിക്കുന്ന വിവിധ ആവശ്യങ്ങൾ ഉയർത്തി 70 ശതമാനത്തോളം ജീവനക്കാരെ പ്രതിനിധീകരിക്കുന്ന AIRRBEA നേതൃത്വത്തിൽ ഗ്രാമീണ ബാങ്ക് ജീവനക്കാർ പ്രത്യക്ഷ പ്രക്ഷോഭത്തിലേക്ക് നീങ്ങുന്നു. നവംബർ 25, 26 തീയതികളിൽ ഭുവനേശ്വറിൽ ചേർന്ന ജനറൽ കൗൺസിൽ യോഗത്തിൽ ഗ്രാമീണ ബാങ്കുകളെയും ജീവനക്കാരെയും ബാധിക്കുന്ന വിവിധങ്ങളായ വിഷയങ്ങളിൽ ചർച്ചകൾ ഉയർന്നുവരികയും തുടർന്ന് ഈ വിഷയങ്ങൾ ഉയർത്തി പ്രത്യക്ഷ പ്രക്ഷോഭത്തിലേക്ക് കടക്കണമെന്ന് തീരുമാനമെടുക്കുകയും ചെയ്തു. അതിന്റെ ഭാഗമായി ഡിസംബർ 19 ന് പാർലമെൻറ് മാർച്ച് നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ തുടർച്ചയായി യൂണിറ്റ്, സംസ്ഥാന തലങ്ങളിൽ ധർണ്ണയും തുടർന്ന് 2024 ഫെബ്രുവരി 23 ന് അഖിലേന്ത്യാ ഏകദിന പണിമുടക്ക്, മാർച്ച് 27, 28 തീയതികളിൽ അഖിലേന്ത്യാ ദ്വിദിന പണിമുടക്ക് എന്നിവയും പ്രഖ്യാപിച്ചു.

NRBI (ദേശീയ ഗ്രാമീണ ബാങ്ക്) രൂപീകരിക്കുക, സ്പോൺസർ ബാങ്കുകളെ ഒഴിവാക്കുക, പ്രമോഷൻ റൂളിൽ മാറ്റം വരുത്തുക, ഒഴിഞ്ഞു കിടക്കുന്ന 30000 തസ്തികകൾ നികത്തുക, താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക, ഉഭയകക്ഷി വേതന ചർച്ചകളിൽ ഗ്രാമീണ ബാങ്കിംഗ് മേഖലയിലെ ഭൂരിപക്ഷ സംഘടനയെ പങ്കെടുപ്പിക്കുക, മുഴുവൻ ജീവനക്കാർക്കും പെൻഷൻ അനുവദിക്കുക, 01.11.1993 മുതൽ കമ്പ്യൂട്ടർ ഇൻക്രിമെന്റ് നടപ്പിലാക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് പ്രക്ഷോഭത്തിലേക്ക് കടക്കുന്നത്.

ഗ്രാമീണ ബാങ്കുകളുടെ മുന്നോട്ടുപോക്കിന് പ്രധാനമായും വിലങ്ങുതടിയാകുന്നത് സ്പോൺസർ ബാങ്കുകളുടെ അനധികൃതമായ കൈകടത്തലാണ്. തങ്ങളുടെ പരിധിയിൽ വരാത്ത കാര്യങ്ങളിൽ പോലും തീരുമാനം എടുക്കാൻ അവർ മുന്നോട്ടു വരുന്നു എന്നത് വലിയ പ്രതിസന്ധിയാണ് നമ്മുടെ മേഖലയിൽ സൃഷ്ടിക്കുന്നത്. പതിയെപ്പതിയെ ഓഹരികൾ വിറ്റഴിച്ച് സ്വകാര്യവൽക്കരിക്കാനും ശ്രമം നടക്കുകയാണ്. ആയതിനാൽ, ഗ്രാമീണ ബാങ്കുകളുടെ പ്രവർത്തനത്തിന് തടസ്സം നിൽക്കുന്ന സ്പോൺസർ ബാങ്കുകളെ പൂർണമായും മാറ്റിനിർത്തി സംസ്ഥാനാടിസ്ഥാനത്തിൽ ഗ്രാമീണ ബാങ്കുകളെ പുന:സംഘടിപ്പിച്ചു NRBI രൂപീകരിക്കുക എന്നത് നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ടതാണ്. ഇതര ബാങ്കുകളിൽ നിന്ന് വ്യത്യസ്തമായി പ്രമോഷൻ റൂളിൽ നിലനിൽക്കുന്ന വിവിധ മാനദണ്ഡങ്ങൾ ജീവനക്കാർക്ക് പ്രമോഷൻ വൈകാൻ കാരണമാകുന്നുണ്ട്. ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാത്തതും വലിയ പ്രതിസന്ധിയാണ് ഉണ്ടാക്കുന്നത്. മുപ്പതിനായിരത്തോളം വേക്കൻസികളാണ് നികത്താതെ കിടക്കുന്നത്. പതിറ്റാണ്ടുകളായി താൽക്കാലികാടിസ്ഥാനത്തിൽ തൊഴിലെടുക്കുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താതിരിക്കുന്നത് OATD കേഡർ തന്നെ ഇല്ലാതാക്കുന്നതിന്റെ ഭാഗമായാണ്. അതുവഴി ജീവനക്കാരുടെ വിലപേശൽ ശേഷി ഇല്ലാതാക്കാനുള്ള ശ്രമമാണ് നടത്തുന്നത്. പല ബാങ്കുകളിലും ഇത് നടപ്പിലാക്കിക്കഴിഞ്ഞു. എന്തുവിലകൊടുത്തും ഇതിനെ നാം ചെറുക്കേണ്ടതുണ്ട്. ഉഭയ കക്ഷി കരാറുകളിൽ ഉണ്ടാകുന്ന എല്ലാ ആനുകൂല്യങ്ങളും ഗ്രാമീണബാങ്ക് ജീവനക്കാർക്കും അനുവദിക്കുന്നതിന് വേണ്ടിയും നമ്മുടെ ആവശ്യങ്ങൾ കൃത്യമായി ഉയർത്തുന്നതിനു വേണ്ടിയും ഗ്രാമീണ ബാങ്ക് സംഘടനകളുടെ പ്രതിനിധിയെ ഉഭയ കക്ഷി കരാർ ചർച്ചകളിൽ ഉൾപ്പെടുത്തണമെന്നും നാം ആവശ്യപ്പെടുന്നു. അർഹമായ പെൻഷൻ ജീവനക്കാരിൽ നിന്നും തട്ടിമാറ്റിക്കൊണ്ടാണ് ഗ്രാമീണ ബാങ്കിംഗ് മേഖലയിൽ പെൻഷൻ നടപ്പിലാക്കിയത്. മുഴുവൻ ജീവനക്കാർക്കും പെൻഷൻ ബാധകമാകുന്ന നിലയിൽ തീരുമാനം എടുക്കാൻ സർക്കാർ മുന്നോട്ടു വരേണ്ടതുണ്ട്. അതോടൊപ്പം പെൻഷനർമാരെ ബാധിക്കുന്ന വിഷയങ്ങളും നാം പ്രക്ഷോഭത്തിന്റെ ഭാഗമായി ഉയർത്തുന്നു. ആശ്രിത നിയമനം, കമ്പ്യൂട്ടർ ഇൻക്രിമെന്റ് എന്നിവ പൂർണ്ണമായ അർത്ഥത്തിൽ നടപ്പിലാക്കുക എന്നതും നാം ഉയർത്തുന്ന പ്രധാനാവശ്യങ്ങളാണ്. KGBEU OU പ്രതിനിധികളായി 10 സഖാക്കളെ പങ്കെടുപ്പിക്കണം എന്നാണ് നാം തീരുമാനിച്ചിരിക്കുന്നത്. സഖാക്കൾ സി രാജീവൻ, കെ ജി മദനൻ, ബിഗേഷ് ഉണ്ണിയൻ, സി മിഥുൻ, ജിതിൻ പി വി, അമീഷ് ഡൊമിനിക്, രമ്യ കെ ടി, ബിച്ചു ജോസ്, ശ്രീജിത്ത് കെ എ, കൃഷ്ണപ്രിയ എ എസ് എന്നിവരാണ് മാർച്ചിൽ പങ്കെടുക്കുന്നത്. AIRRBEA ആഹ്വാനം ചെയ്ത പ്രക്ഷോഭ പരിപാടികൾ വിജയിപ്പിക്കാൻ മുഴുവൻ ജീവനക്കാരും മുന്നിട്ടിറങ്ങണമെന്ന് അഭ്യർത്ഥിക്കുന്നു.

**അഭിവാദനങ്ങൾ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

kartine29.deviantart